# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -4469 22.07.2015-ൽ മറുപടിയ്ക്ക്

## സൈബർ തട്ടിപ്പുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പലതരം തട്ടിപ്പുകൾക്കും ഇന്റർനെറ്റ് ഉപയോഗപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം തട്ടിപ്പുകൾ ഫലപ്രദമായി കണ്ടെത്തുവാൻ നിലവിലുള്ള പോലീസ് സംവിധാനങ്ങൾ വെളിപ്പെടുത്തുമോ; | (ബി) കേരളത്തിൽ ക്രൈംബ്രാഞ്ച് മേധാവിയുടെയും, ഓർഗനൈസ്ഡ് ക്രൈം വിംഗ്-1 ന്റെ പോലീസ് സൂപ്രണ്ടിന്റെയും മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്ന സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ കൂടുതൽ സാങ്കേതിക വിദ്യ ആവശ്യമുള്ള ഇന്റർനെറ്റ് മുഖേനയുള്ള തട്ടിപ്പുകേസുകൾ അന്വേഷിച്ചുവരുന്നു. കൂടാതെ പോലീസ് സ്റ്റേഷനുകളിലും മറ്റും രജിസ്റ്റർ ചെയ്യപ്പെടുന്ന ഇന്റർനെറ്റ് ഉപയോഗപ്പെടുത്തിയുള്ള തട്ടിപ്പ് കേസുകൾ അതാത് ജില്ലാ സൈബർ സെല്ലുകളുടെ സഹായത്തോടെ അന്വേഷണം നടത്തിയും വരുന്നു. |
| (സി) സൈബർ തട്ടിപ്പുകൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് പരിഗണനയിലുള്ളത്; | (സി) രജിസ്റ്റർ ചെയ്യപ്പെടുന്ന ഇത്തരം കേസുകളിൽ അടിയന്തിരമായി അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്തും, തട്ടിപ്പിന്റെ വിവിധ സാധ്യതകളെക്കുറിച്ച് പൊതു ജനങ്ങൾക്ക് അവബോധം ഉണ്ടാക്കുന്നതിനായി പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെയും മറ്റും പ്രചാരം നടത്തിയും, സ്കൂളുകളിൽ സന്നദ്ധ സംഘടനകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവ മുഖേന സൈബർ അവബോധ ക്ലാസുകൾ സംഘടിപ്പിച്ചും തട്ടിപ്പുകൾ തടയുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) സൈബർ തട്ടിപ്പുകൾ തടയുന്നതിനായി പോലീസിന്റെ ഇന്റലിജൻസ് സംവിധാനം പരിഷ്കരിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ? | (ഡി) നിലവിലുള്ള ഇന്റലിജൻസ് സംവിധാനം പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ